ദേവാലയങ്ങളും സിമത്തേരികളും

*൩൪. (൧൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൧-ൽ ദേവാലയങ്ങളും സിമത്തേരികളും സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി;

(ബി) അവയിൽ എത്ര അനുവദിച്ചു; എത്ര തള്ളി; തള്ളപ്പെടുന്നതിനുള്ള കാരണങ്ങൾ എന്തു; ആരുടെ അപേക്ഷകളാണ് തള്ളപ്പെട്ടത്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) തിരുവനന്തപുരം ൨
കോട്ടയം ൧൦
കൊല്ലം ൧൫

തൃശ്ശൂർ ഡിസ്ട്രിക്ടിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ബി) അനുബന്ധം നോക്കുക.

അനുബന്ധം

തിരുവനന്തപുരം. അനുവദിച്ചത് ഇല്ല. തള്ളിയത് ൨. അപേക്ഷകൻ സ്റ്റാമ്പൊട്ടിച്ചിരുന്നില്ല. കൂടാതെ നേരിട്ട് അപേക്ഷിക്കുകയോ അപേക്ഷിക്കുന്നതിനു ഒരാളെ അധികാരപ്പെടുത്തുകയോ ചെയ്തില്ല. അപേക്ഷകന്റെ പേർ റവറണ്ട് ജെ. ഇ. കേസരി, ഡിസ്ട്രിക്ട് മിനിസ്റ്റർ, നാഗർകോവിൽ.

കോട്ടയം. അനുവദിച്ചത് ൪. തള്ളിയത് ൨. അപേക്ഷാരൂപത്തിൽപ്രകാരം ശരിയല്ല. അപേക്ഷകർ കുഞ്ഞുമാത്തു, എബ്രാഹിം, ഇവരാണ്.

കൊല്ലം. അനുവദിച്ചത് ൫. തള്ളിയത് ൭. മൂന്നെണ്ണം സാങ്കേതികമായ ക്രമക്കേടുകൾ നിമിത്തമാണ് തള്ളിയത്, രണ്ടെണ്ണം ജനങ്ങളുടെ ആരോഗ്യത്തിനു ഹാനികരമെന്ന കാരണത്താൽ തള്ളി. രണ്ടെണ്ണം അപേക്ഷകർക്ക് സ്ഥലത്തിന്മേൽ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ.

തൃശ്ശൂരിനെ സംബന്ധിച്ചുള്ള വിവരം ലഭിച്ചിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആരാധനാസ്ഥലങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഇവിടെ എന്തെങ്കിലും നിരോധനങ്ങൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇതിനെ സംബന്ധിച്ചു തിരുവിതാംകൂറിൽ ഒരു നിയമം ഉണ്ടായിരുന്നു. ഇപ്പോൾ ആ നിയമം ഇൻഡ്യാ ഗവൺമെന്റിന്റെ നിയമാവലിയിൽ കൊള്ളിച്ചു നിലനിറുത്തിവച്ചിരിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇൻഡ്യൻ ഭരണഘടന അനുസരിച്ചു ആരാധനാസ്ഥലങ്ങൾ സ്ഥാപിക്കുന്നതിനു പരിപൂർണ്ണമായ സ്വാതന്ത്ര്യം അനുവദിച്ചിരിക്കെ ഇവിടെ അതു സംബന്ധിച്ചു എന്തെങ്കിലും നിരോധനം ഉണ്ടായിട്ടുണ്ടെങ്കിൽ അതു നീക്കം ചെയ്യേണ്ടതല്ലേ?

ശ്രീ. സി. കേശവൻ: അതിനു നിവൃത്തിയില്ല. ഭരണഘടനയിൽ എന്തെല്ലാം പറഞ്ഞാലും ആരോഗ്യപരമായ കാരണങ്ങളാൽ ഒരു ആരാധനാസ്ഥലം സ്ഥാപിക്കുന്നതു ശരിയല്ലെന്നു ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടാൽ അതിനെ കർശനമായി നിയന്ത്രിക്കുവാനുള്ള അധികാരം ഗവൺമെന്റിനു എടുക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്സാണ്ടർ വാകയിൽ: ആരാധനാസ്വാതന്ത്ര്യം സ്ഥാപിക്കുന്നതിലേക്കുള്ള അപേക്ഷകൾ ദേവസ്വം ബോർഡിലേക്കു അയക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇങ്ങനെ ഒരു ചോദ്യം ഇവിടെ വന്നിട്ടുണ്ട്. അങ്ങിനെ ഒരു പതിവേ ഇല്ല.

മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ

*൩൩. (൧൩) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഉദ്യോഗത്തിനു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുകാരായ ആരെങ്കിലും ഗവണ്മെൻറിലേക്കു അപേക്ഷകളയച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ ആരെല്ലാം; അവരുടെ പരീക്ഷായോഗ്യതകൾ എന്തു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒരപേക്ഷകൻ ഉണ്ട്.

(ബി) ഡാക്ടർ കെ. ദാമോദരൻ.

(സി) അപേക്ഷയിൽ കാണിച്ചിട്ടുള്ള പ്രകാരം B.A., M.B.B.S., M.R.C.S (Eng.), L.R.C.P. (Lond.), M.R.C.P. (Edin.), D.T.M.&H.

ശ്രീ. കെ. എസ്സ്. ജോസഫ്: ഈ ഉദ്യോഗത്തിനു അഡ്വർടൈസ് ചെയ്തിരുന്നോ?

ശ്രീ. സി. കേശവൻ: ഇല്ല. ഇൻഡ്യാഗവണ്മെൻറ് ഡബ്ലിയു. എച്ച്. ഒ യിൽനിന്നു പ്രശസ്തനായ ഒരാളെ ആവശ്യപ്പെട്ടിട്ടുണ്ട്. അതു സംബന്ധിച്ചുള്ള കറസ്പോണ്ടൻസ് നടന്നുകൊണ്ടിരിക്കുകയാണു.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ഈ യോഗ്യതയിൽ വളരെ കൂടുതൽ യോഗ്യതയുള്ള വളരെ പേർ ഗവണ്മെൻറ് സർവ്വീസിൽ ഉള്ളതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഒരു താരതമ്യപഠനം നടത്തിയിട്ടില്ല.

WEST COAST FISHERIES, LTD.

*67. [17] **Sri. Joseph Mathen:** Will the hon. Minister for Industries and Labour be pleased to state whether the Government have decided to take charge of the West Coast Fisheries, Ltd.; if so please state.—

(*a*) the reasons that prompted the Government to take charge of the Company;

(*b*) whther the Government intend to carry on the business:

(c) whether this Government have experts to do the business;

(*d*) whether the persons now taking charge of the company have any practical experience in deep sea-fishing;

(*e*) who are the persons now authorised to take charge of the company;

(*f*) do the Government expect any help from outside to carry on the business; and

(*g*) is it a fact that the company was running at a loss from the date of promoting till the day of handing over charge?

Minister for Industries and Labour **(Sri. P. K. Krishnankutty Menon):** Yes.

(*a*) Government have taken over the managing agency of the West Coast Fisheries, Ltd., because Government have substantial interests in the concern and the previous Managing Agents agreed to surrender the Managing agency to Government.

(*b*) That is the intention of the Government.

LIBRARY ARCHIVES Kerala Legislative Assembly